LIBRARY ARCHIVES Kerala Legislative Assembly

വെറ്റിലപ്പാറയിലെ വാനിലകൃഷി

117 [435] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് ബഹു. ഹൈക്കോടതി വിലക്ക് ലംഘിച്ച് സ്വകാര്യ വ്യക്തികൾ വാനിലകൃഷി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരെല്ലാമാണ് കൃഷി ഇറക്കിയിരിക്കുന്നത്;

(സി) ഇവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതി വിധി ലംഘിച്ച് വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് സ്വകാര്യ വ്യക്തികൾ വാനില കൃഷി നടത്തിയിട്ടില്ല. എന്നാൽ നേരത്തെ പ്ലാന്റേഷൻ കോർപ്പറേഷൻ അധികാരമില്ലാതെ സ്വകാര്യ വ്യക്തികൾക്ക് വാനില കൃഷി നടത്തുവാൻ അനുമതി നൽകിയിരുന്നു.

(ബി) ഹൈക്കോടതി വിധി ലംഘിച്ച് സ്വകാര്യ വ്യക്തികൾ കൃഷി നടത്തിയിട്ടില്ല. എന്നാൽ കോർപ്പറേഷൻ നേരത്തെ കൃഷി ചെയ്യുവാൻ അനുമതി നൽകിയവരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇവരെ ഒഴിപ്പിക്കുന്നതിന് ഫോറസ്റ്റ് വകുപ്പിൽ നിന്നും നടപടി എടുത്തിട്ടുണ്ട്.

സുനാമി വരുത്തിയ കൃഷിനാശം

118 [436] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിഭൂമിയാണ് നശിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിളകൾ എത്ര അളവിൽ നശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിഭൂമി നശിച്ച കർഷകരെ സഹായിക്കാനായി നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് 8153 ഹെക്ടർ കൃഷിഭൂമിയാണ് നശിച്ചിട്ടുള്ളത്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) സംസ്ഥാനത്തെ മുഖ്യവിളകളായ തെങ്ങ്, വാഴ, കമുക്, നെല്ല് തുടങ്ങിയ വിളകൾക്കാണ് അധികമായി നഷ്ടമുണ്ടായത്. വിള തിരിച്ചുള്ള നാശനഷ്ട കണക്ക് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച പ്രദേശങ്ങൾ കൃഷി ഉദ്യോഗസ്ഥർ സന്ദർശിക്കുകയും സ്ഥലപരിശോധന നടത്തുകയും വിളകൾക്കുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തി പ്രാഥമിക റിപ്പോർട്ട് അതാത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കടലോര പ്രദേശത്ത് കൃഷി നശിച്ച കർഷകർക്ക് തെങ്ങ്, വാഴ, കമുക്, പച്ചക്കറി, ഫലവൃക്ഷതൈകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൃഷി നാശത്തിനുള്ള നഷ്ട പരിഹാരത്തുക വിതരണം ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ മേൽമണ്ണ് ഒഴുകിപ്പോയ ഭാഗങ്ങളിൽ കൃഷിയോഗ്യമായ മണ്ണിട്ട് നികത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കർഷകർ നേരിടുന്ന പ്രതിസന്ധി

119 [437] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി കേന്ദ്രകൃഷി മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. കൃഷി വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ അടങ്ങുന്ന ഒരു ഉന്നതതല സംഘം 2004 ജൂലൈ മാസത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി 3847 കോടി രൂപയുടെ ഒരു ബൃഹത്തായ നിവേദനം കേന്ദ്രമന്ത്രി സഭയ്ക്ക് സമർപ്പിച്ചു.

1. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിര സാമ്പത്തിക സഹായം നൽകുന്നതിനായി 10 കോടി രൂപ.

2. തോട്ട-നാണ്യ വിളകളിലെ കൃഷിക്കാർക്കായി RBI പ്രഖ്യാപിച്ച രണ്ട് വർഷത്തെ മൊറട്ടോറിയം കാലാവധി 3 വർഷമായി വർദ്ധിപ്പിക്കുക.

3. കർഷകരുടെ 50,000 രൂപ വരെയുള്ള വായ്പകളുടെ പലിശ എഴുതിതള്ളുന്നതിനായി 1277 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly